(ഡി) 19 കേസുകൾക്ക് ചർച്ചകളിലൂടെ ഉടൻ പരിഹാരം കാണാൻ കഴിയുന്നതാണ്.

(ഇ ആന്റ് എഫ്) സ്ഥലമെടുപ്പ് ഒഴികെയുള്ള വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ അധീനതയിൽ വരുന്നതാണ്.

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് തുക അനുവദിക്കാൻ നടപടി

63 [878] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിനായി 2001-ൽ സർക്കാർ അനുവദിച്ച 10 ലക്ഷം രൂപ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സ്ഥലം എം.എൽഎ.-യുടെ നിവേദനം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുവാൻ 10 ലക്ഷം രൂപ ധനസഹായം നൽകാൻ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് ബഡ്ജറ്റിൽ തുക വക കൊള്ളിക്കാതിരുന്നതിനാൽ ധനസഹായം നൽകിയില്ല. ടി തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

എം. എൽ. എ. ഹോസ്റ്റൽ ജംഗ്ഷനിൽ ട്രാഫിക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

64 [879] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാളയത്ത് എം. എൽ. എ. ഹോസ്റ്റൽ ജംഗ്ഷനിൽ ഫ്ളൈഓവറിന് സമീപം വാഹനാപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കേറിയ ഈ ഭാഗത്ത്; ട്രാഫിക് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നാലുഭാഗത്തു നിന്നും വരുന്ന വാഹനങ്ങളുടെ യാത്ര സുഗമമാക്കുന്നതിനുവേണ്ടി നാലുഭാഗങ്ങളിലേയ്ക്കും സിഗ്നൽ പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇവിടെ ആട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ട്രാഫിക് നിയന്ത്രണത്തിനായി പോലീസ് കോൺസ്റ്റബിളിനേയും നിയമിച്ചിട്ടുണ്ട്.

(സി) നാല് ഭാഗങ്ങളിലേയും വാഹനഗതാഗതം നിയന്ത്രിക്കുന്നതിന് നാല് ഭാഗത്തേക്കും ആട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം നിലവിലുണ്ട്.

സംസ്ഥാനത്തെ വൈദ്യുത തകരാറുകൾ

65 [880] ശ്രീ. കെ. അച്ചുതൻ:

" ജി. പ്രതാപവർമ്മ തമ്പാൻ:

" എ. സുജനപാൽ:

" എം. എ. ചന്ദ്രശേഖരൻ:

" എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ എത്ര വൈദ്യുതി തകരാറുകളുണ്ടായി;

(ബി) അതിന്റെ ഫലമായി ഏതെല്ലാം പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭിക്കാതെ വന്നിട്ടുണ്ട്;

(സി) വൈദ്യുതി തകരാർ ഉണ്ടാകുന്നതിന് കാരണമെന്ത്;

(ഡി) വൈദ്യുതി ലൈൻ ഭൂമിയ്ക്കടിയിലൂടെ ഇടുന്ന പക്ഷം കൂടെക്കൂടെ ഉണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിക്കുവാൻ കഴിയുമോ;

(ഇ) ഇപ്രകാരം ചെയ്യുന്നതുമൂലം വൈദ്യുതി പോസ്റ്റുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിയുമോ?

ഉത്തരം

(എ) 29,081 എണ്ണം.

(ബി) ഈ കാലയളവിൽ സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി തകരാറുകൾ സംഭവിച്ചിട്ടുണ്ട്.

(സി) കാറ്റിലും മഴയിലുംപെട്ട് വൃക്ഷങ്ങളും, വൃക്ഷകൊമ്പുകളും വൈദ്യുതി ലൈനിൽ വീഴുക, ഇടിമിന്നൽ മൂലം ഇൻസുലേറ്ററുകൾ തകരാറിലാവുക, പോസ്റ്റുകൾ തകരാറിലാവുക, ലൈൻ പൊട്ടി വീഴുക, വാഹനങ്ങൾ തട്ടി ലൈൻ തകരാറിലാവുക, ഇടിമിന്നൽ മൂലം ട്രാൻസ്ഫോർമറുകൾ തകരാറിലാവുക തുടങ്ങി വിവിധ കാരണങ്ങളാൽ വൈദ്യുതി തകരാറുകൾ സംഭവിക്കുന്നുണ്ട്.

(ഡി) ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

(ഇ) കഴിയും.

LIBRARY ARCHIVES Kerala Legislative Assembly